LIBRARY ARCHIVES Kerala Legislative Assembly

കേരള സർവ്വകലാശാല

6 (1080) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മേൽ ജീവനക്കാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നു ; തെരഞ്ഞെടുപ്പ് സംബന്ധിച്ച് പത്രപരസ്യം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ എപ്രകാരമാണ് ; ഇവരുടെ സേവന കാലാവധി എത്ര വർഷമാണ്; കാലാവധിക്ക് ശേഷം പുനർ നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം നൽകി;

(ഡി) താൽക്കാലിക ജീവനക്കാരിൽ വികലാംഗർ, എസ്സി., എസ്റ്റി. മറ്റ് സംവരണ വിഭാഗങ്ങൾ എന്നിവർ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) താൽക്കാലിക ജീവനക്കാരിലെ വികലാംഗരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും നിലപാടുകൾ എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) താൽക്കാലിക ജീവനക്കാരിൽ ആരെങ്കിലും വ്യാജപ്പേരിൽ ഏതെങ്കിലും ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത വ്യക്തിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിരുന്നോ; ഇതു സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടിയാണ് ശിപാർശ ചെയ്തത് ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള സർവ്വകലാശാലയിൽ നിലവിൽ 949 താൽക്കാലിക ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.